# വിവാഹം ത്രുശ്ശൂരിൽ നടക്കുന്നു

## (നാഴികക്കല്ലുകൾ)

പ്രൊഫ: എം.ടി. ആൻറണി, ന്യൂയോർക്ക്



ചെറിയ വയസ്സിൽ ഒരു പ്രൊഫസ്സർ പദവി കിട്ടിയതിൻെറ സന്തോഷത്തിൽ എൻെറ മദ്രാസ്സ് ജീവിതം സുഖകരമായി മുന്നോട്ട് നീങ്ങി. എൻെറ യൗവ്വനം പ്രേമാഭിലാഷങ്ങൾക്ക് വശംവദയാകാൻ കൊതിച്ചിരുന്നെങ്കിലും വിവാഹാനുമതിയും ആ ചടങ്ങുകളും മാതാപിതാക്കളുടെ അനുഗ്രഹാശിസ്സുകളോടെ വേണമെന്ന് ഞാൻ വിശ്വസിച്ചിരുന്നു. അന്നത്തെ പൊതുസംസാര ശൈലിയിൽ ഞാനൊരു യോഗ്യനായ അവിവാഹിതനായിരുന്നു. (Eligible Bachelor).

അന്ന് വടക്കെ ഇന്ത്യയിൽ നിന്നും അവുധിക്ക് വരുന്നവർ എന്നോട് പറഞ്ഞിരുന്ന ഒരു കാര്യമാണ് മലയാളികളെ ഒന്നടങ്കം ഉത്തരേന്ത്യക്കാർ "മദ്രാസ്സി" എന്നാണു വിളിക്കുന്നത് എന്നു്. അന്ന് മദ്രാസ്സിൻെറ പേരു "ചെന്നൈ" എന്നായിരുന്നെങ്കിൽ നമ്മൾ എല്ലാവരും വടക്കെ ഇന്ത്യക്കാർക്ക് ചെന്നായ്ക്കളാകുമായിരുന്നു എന്ന് ഞാൻ ഇപ്പോൾ ഓർക്കുന്നു. ഇക്കാലത്ത് ഗൾഫിൽ പോകുന്ന പോലെ മലയാളികളെല്ലാം ഉപജീവനാർത്ഥം മദ്രാസ്സിലേക്ക് പോയിരുന്നത്കൊണ്ടാകാം ഒരു പക്ഷെ വടക്കെ ഇന്ത്യകാരിൽ അങ്ങനെ ഒരു ആശയം ഉദിച്ചത്. മദ്രാസ്സ് പട്ടണം അന്ന് അവിടെയെത്തുന്നവർക്ക് എന്തെങ്കിലും ജോലി നൽകിയിരുന്നു. ധാരാളം മോട്ടോർ കാർ കമ്പനികൾ ഉണ്ടായിരുന്നത്കൊണ്ട് മദ്രാസ്സിനെ ഇന്ത്യയിലെ ഡെട്രോയിറ്റ് (Detroit of India) എന്ന് വിളിച്ചിരുന്നു. ലോകത്തിൽ ചുറ്റിക്കറങ്ങാനുള്ള 52 നഗരങ്ങളുടെ പട്ടിക തയ്യാറാക്കിയ ന്യൂയോർക്ക് ടൈംസ് അതിലൊന്നായി മദ്രാസ്സിനെ (ഇന്നത്തെ ചെന്നൈ) ചേർത്തിയിരുന്നു, അതെ സമയം ബി.ബി.സി. കാർ നടത്തിയ ഒരു സർവ്വെയിൽ മദ്രാസ്സിനെ ഏറ്റവും ചൂടുള്ള നഗരം എന്നും വിശേഷിപ്പിക്കുന്നുണ്ട്. ഇംഗ്ലീഷ് മാസം മേയ് മുതൽ ജൂൺ വരെയുള്ള കാലഘട്ടം മദ്രാസ്സിൽ ഏറ്റവും ചൂട് അനുഭവപ്പെടുന്നു. ആ മാസത്തെ അഗ്നി നക്ഷത്രം അല്ലെങ്കിൽ കത്തിരി വെയിൽ എന്നാണു അവിടത്ത്കാർ പറയുന്നത്.

എൻെറ യൗവ്വനകാല ജീവിതത്തിൽ മദ്രാസ്സ് നഗരം വളരെ ശാന്തവും, സൗമ്യരായ ജനങ്ങളും നിറഞ്ഞതായിരുന്നു. മലയാളിയെപോലെ തമിഴനു അഹങ്കാരവും, കുന്നായ്മയും ഒന്നുമില്ല. മദ്രാസ്സ് എന്ന പേരു വരാൻ പല കഥകളും കേട്ടിട്ടുള്ളത് വായനകാരുമായി ഞാൻ പങ്കിടുന്നു. ബ്രിട്ടീഷ്കാർ വരുന്നതിനു മുമ്പ് മദ്രാസ്സ് എന്ന് പേരു നിലവിലിരുന്നത്രെ. പതിനാറാം നൂറ്റാണ്ടിൽ വന്ന പോർച്ചുഗീസ്സുകാർ ദൈവ മാതാവ് (Madre de Deus) എന്നർത്ഥത്തിൽ മദ്രാസ്സ് എന്ന് വിളിച്ചു. മുസ്ലീം പാഠശാലകൾ മദ്രസ്സ എന്ന പേരിലറിയപ്പെട്ടിരുന്നത്കൊണ്ട് അത്തരം സ്കൂളുകൾ പ്രവർത്തിക്കുന്ന സ്ഥലം എന്ന പേരിലും മദ്രാസ്സ് എന്ന് വിളിച്ചുപോരുന്നുവെന്നും വിശ്വസിക്കുന്നു. സംസ്ക്രുതഭാഷയിലെ മധുര-രസം (തേൻ) എന്ന വാക്ക് മദ്രാസ്സ് എന്ന് രൂപാന്തരപ്പെട്ടുവെന്നും ചിലർ വിശ്വസിക്കുന്നു. ഇപ്പോൾ ആ സംസ്ഥാനം ചെന്നൈ എന്ന പേരിലാണു അറിയപ്പെടുന്നത്. ആ പേരു വന്നത് അവിടെയുള്ള ചെന്ന കേശവ പെരുമാൾ അമ്പലം ഉള്ളത്കൊണ്ടത്രെ. തമിഴിൽ ചെന്നൈ എന്നാൽ മുഖം. അമ്പലത്തിനെ നഗരത്തിൻെറ മുഖമായി കണക്കാക്കി ചെന്നൈ എന്ന പേരു സ്വീകരിച്ചതായിരിക്കും.

സാഹിത്യത്തോടുള്ള താൽപ്പര്യവും ഒരു എഴുത്തുകാരനായി ഞാൻ പൂർണ്ണമായി പരിണമിച്ചതും മദ്രാസ് ജീവിതകാലത്തായത്കൊണ്ട് മേൽപ്പറഞ്ഞ കാര്യങ്ങൾ വളരെ കൗതുകത്തോടെ ഞാൻ അന്വേഷിച്ച് നടന്നിരുന്നു. അന്നു കൂടുതലും മലയാളത്തിൽ എഴുതിയിരുന്ന ഞാൻ അമേരിക്കയിൽ വന്നപ്പോൾ ഇംഗ്ലീഷിൽ എഴുതാൻ തുടങ്ങി. ന്യൂയോർക്കിൽ ഞാൻ എത്തിച്ചേരാനുള്ള സാഹചര്യം താഴെ വിവരിക്കുന്നുണ്ട്. അന്ന് ന്യൂയോർക്കിൽ നിന്നിറങ്ങിയിരുന്ന "ഇന്ത്യ മോണിട്ടർ" എന്ന ഇംഗ്ലീഷ് മാസികയിൽ ഒരു കോളം എഴുതാൻ അതിൻെറ പത്രാധിപർ എന്നെ ക്ഷണിച്ചു. "പരിഭവങ്ങളില്ലാതെ" എന്ന് മൊഴിമാറ്റം ചെയ്യാവുന്ന, (No axe to grind) എന്ന ഒരു കോളം ഞാൻ ഡോക്ടർ നിർമ്മൽ കുമാർ എന്ന പേരിൽ തുടർച്ചയായി എഴുതി. മാദ്ധ്യമം ഇംഗ്ലീഷായത്കൊണ്ട് ധാരാളം വായനക്കാർ അതിനുണ്ടായി. ഒരു പക്ഷെ വായനക്കാർ ആ പംക്തിയോട് കാണിച്ച അഭിരുചിയും, അംഗീകാരവും പത്രാധിപരുടെ ദ്രുഷ്ടിയിൽ എന്നെ ഒരു പ്രമുഖ എഴുത്തുകാരനായി കാണാൻ അവസരമുണ്ടാക്കി. അദ്ദേഹം ധൈര്യപൂർവ്വം "പത്രാധിപക്കുറിപ്പുകൾ എഴുതാനുള്ള ചുമതല എന്നെ ഏൽപ്പിച്ചു. അങ്ങനെ ഞാൻ ഒരു ഇംഗ്ലീഷ് എഴുത്തുകാരനുമായി. നല്ല എഴുത്തുകാരനായത്കൊണ്ടായിരിക്കാം എൻെറ ലേഖനങ്ങൾ എനിക്ക് മിത്രങ്ങളേയും ശത്രുക്കളേയും നേടി തന്നു. മലയാളത്തിലും എഴുത്ത് തുടർന്ന് കൊണ്ടിരുന്നു. എന്നാൽ ഇന്നത്തെപോലെ അന്ന് മലയാള പ്രസിദ്ധീകർണങ്ങൾ ഇല്ലായിരുന്നു. നാട്ടിൽ നിന്നും ഒരു മലയാള പ്രസിദ്ധീകരണം ഇവിടെ എത്തുന്നത് വളരെ വൈകിയായിരുന്നു. മാത്രുരാജ്യവും മാത്രു ഭാഷയും അകലെയെങ്കിലും മനസ്സ് കൊണ്ട് ഞാൻ അവരൊട് വളരെ അടുത്തായിരുന്നു.

നാട്ടിൽ അവുധിക്ക് വരുമ്പോൾ എനിക്കായി കല്യാണാലോചനകളുമായി വിവാഹദല്ലാൾമാർ വീട്ടിൽ വന്നുകൊണ്ടിരുന്നു. അന്ന് പെണ്ണ് കാണൽ എന്ന ഒരു

ചടങ്ങിൻെറ പേരും പറഞ്ഞ് അവിവാഹിതരായ യുവാക്കൾ പെൺക്കുട്ടികളുടെ വീടു തോറും വിവാഹദല്ലാളന്മാരുമായി കയറിയിറങ്ങിയിരുന്നു. പൊന്നും പണവും പറഞ്ഞുറപ്പിക്കുന്ന ഒരു കച്ചവടമായിട്ടാണു് അതിനെ ഞാൻ കണ്ടിരുന്നത്. അത് കൂടാതെ പെൺക്കുട്ടികയുടെ വീട്ടുകാർ നൽകുന്ന ചായസൽക്കാരങ്ങളും വിവാഹദല്ലാളന്മാർക്കും മിക്ക്യ യുവാക്കൾക്കും ഒരു ആകർഷണമായിരുന്നു. അങ്ങനെ നാട് നീളെ പെൺക്കുട്ടികളെ കണ്ട് നടക്കുന്നത് ശരിയല്ലെന്ന് ഞാൻ വിശ്വസിച്ചിരുന്നത്കൊണ്ടും സ്ത്രീ ധനം എന്ന ഏർപ്പാർടിനോട് എനിക്ക് എതിർപ്പുണ്ടായിരുന്നത് കൊണ്ടും ദല്ലാളന്മാർ നിരാശരായിരുന്നു.

മനുഷ്യൻ ഏകനായിരിക്കുന്നത് നല്ലതല്ല ഞാൻ അവനു തക്കതായ ഒരു തുണയെ കൊടുക്കുമെന്ന് യഹോവ അരുളി ചെയ്തത് പോലെ എൻെറ വീട്ടുക്കാർ എൻെറ ഏകാന്തത അവസാനിപ്പിക്കാൻ തീരുമാനിച്ചു. വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നുവെന്ന് വിശ്വസിക്കുന്നവരായിരുന്നു എൻെറ വീട്ടുകാരും ചുറ്റുപാടും. എൻെറ അന്നത്തെ യൗവ്വന തള്ളിച്ചയും ആത്മവിശ്വാസവും മൂലം അവർ ആ വാചകം ദൈവീകമായ ഒരു ഊന്നലോടെ പറയുമ്പോൾ ഞാൻ പറയും വിവാഹം ത്രുശ്ശൂരിൽ നടക്കുമെന്ന്. എൻെറ ആഗ്രഹപ്രകാരമുള്ള ഒരു കൂട്ടുകാരിയെ എത്രയും പെട്ടെന്ന് കണ്ടെത്തണമെന്നുള്ള തീരുമാനത്തിലായിരുന്നു വീട്ടുകാർ. നേരത്തെ സൂചിപ്പിച്ച പോലെ മദ്രാസ്സിലെ ജോലിയും സാഹിത്യപ്രവർത്തനവും എനിക്ക് അതിയായ ആനന്ദം പകർന്നു. ആദം ദൈവത്തോട് പറഞ്ഞപോലെ ഞാനും വീട്ടുകാരോട് പറഞ്ഞു ഞാൻ ഒറ്റക്കാണെങ്കിലും എനിക്ക് ഏകാന്തതയില്ലെന്ന്. എന്തു പറഞ്ഞാലും മിന്ന് കെട്ടിനു സമയമായി അത് കൊണ്ട് അവരെ അനുസരിക്കുക എന്ന ഉപദേശത്തിനു ഞാൻ വഴങ്ങി. എനിക്ക് എൻെറ മാതാപിതാക്കളും, സഹോദരങ്ങളും വളരെ പ്രിയപ്പെട്ടവരായിരുന്നു. അവരുടെ വാക്കുകൾ അക്ഷരം പ്രതി ഞാൻ അനുസരിക്കാൻ തയ്യാറായിരുന്നു.

പ്രതിശ്രുത വധുവുമായി പുറത്ത്പോകാതെ, അവളുമായി ഒരു പ്രേമകാലം ആസ്വദിക്കാതെ ദൈവം കൈ പിടിച്ച്കൊണ്ടു വന്ന വധുവിനെ സ്വീകരി ച്ച ആദാമിനെ പോലെ എൻെറ സഹോദരിമാരുടെ പരിചയവലയത്തിൽ നിന്ന് അവർ എനിക്ക് വേണ്ടി കണ്ടെത്തിയ ഇണയെ എനിക്കിഷ്ടമായി, ഞാൻ സ്വീകരിച്ചു. എനിക്ക് സ്ത്രീധനം വേണ്ട എന്നാൽ നല്ല വിദ്യാഭ്യാസമുള്ള പെൺക്കുട്ടിയായാൽ മതിയെന്ന എൻെറ അഭിപ്രായം മാനിച്ച് അവർ എനിക്ക് വേണ്ടി കണ്ടു വച്ചത് പഠിത്തത്തിൽ അതീവ സാമർത്ഥ്യമുള്ള പെൺക്കുട്ടിയെയായിരുന്നു. അക്കാലത്ത് രണ്ട് തരം സ്ത്രീധനസമ്പ്രദായങ്ങൾ നില നിന്നിരുന്നു. അതിൽ ഒന്ന് പെൺക്കുട്ടിയുടെ പിതാവ് പറയും" എൻെറ മകളെ ഞാൻ സ്നേഹിക്കുന്നു; അത്കൊണ്ട് അവളുടെ ജീവിതം തുടങ്ങാൻ എന്നാൽ കഴിയുന്നത് ഞാൻ കൊടുക്കും. ഇത് അഭികാമ്യമായ് ഒന്നാണു്. എന്നാൽ എൻെറ മകൻ വിദ്യാഭ്യാസ യോഗ്യതകളും, ജോലിയുമുള്ളയാളാണു്. അവനു ഇത്ര പവൻ, ഇത്ര രൂപ സ്ത്രീധനം കിട്ടണമെന്ന അവകാശപ്പെടൽ. വളരെ നീചമായ ഒരു ഏർപ്പാടാണു്. ഞാൻ ഈ രണ്ട് തരം കൊടുക്കൽ വാങ്ങലിലും വിശ്വസിച്ചിരുന്നില്ല.

എനിക്ക് വേണ്ടി എൻെറ സഹോദരിമാർ കണ്ടെത്തിയത് കുടുംബപരമായി അറിവുള്ള ഒരു പെൺക്കുട്ടിയെയാണു്. അവരുടെ പിതാവ് സെൻറ് തോമസ് കോളേജിൽ പ്രൊഫസ്സാറായിരുന്നു. ഞാൻ അവിടെ പഠിക്കുമ്പോൾ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. അദ്ദേഹം പിന്നെ ദൽഹി യൂണിവേഴ്സിറ്റിയിൽ പ്രൊഫസ്സാറായി സ്ഥലമാറ്റം കിട്ടി പോയപ്പോൾ അദ്ദേഹത്തിൻെറ കുടുംബവും അദ്ദേഹത്തെ അനുഗമിച്ചു. എൻെറ ജീവിതസഖിയായി വന്നത് അദ്ദേഹത്തിൻെറ മകളായ തേരേസ തേറാട്ടിൽ എന്ന പെൺക്കുട്ടിയായിരുന്നു. അമ്മിണി എന്ന് സ്നേഹപൂർവ്വം വീട്ടിൽ വിളിക്കുന്ന അവർ ബുദ്ധിമതിയും, സ്നേഹസമ്പന്നയുമായ ഒരു കൂട്ടുകാരിയാണെന്ന് എനിക്ക് ബോദ്ധ്യമായി. വർഷങ്ങൾ ക്ക്മുമ്പ് അവരെ മിന്ന്കെട്ടി പള്ളിയിൽ നിന്നിറങ്ങി വന്നപ്പോൾ രണ്ട്പേരിലും ഉളവായ ആ ആനന്ദം എന്നും ജീവിതത്തിൽ നിറയ്ക്കാൻ ഞങ്ങൾക്ക് രണ്ട് പേർക്കും കഴിഞ്ഞു. ദൈവകാരുണ്യത്താൽ സുദീർഘമായ ദാമ്പത്യം പരസ്പര സ്നേഹ-ബഹുമാനങ്ങളാൽ ഞങ്ങൾ പടുത്തുയർത്തി. അമ്മിണിയില്ലാത്ത എൻെറ ജീവിതം അപൂർണ്ണമാണെന്ന് പറയുന്നതിൽ എനിക്ക് തീരെ സങ്കോചമില്ല. കുഞ്ഞ് വയസ്സിൽ ദെൽഹിയിൽ താമസം ആരംഭിച്ച അമ്മിണി കാതോലിക്ക വിശ്വാസത്തിൽ എന്നും അടിയുറച്ച് നിന്നു. വിവാഹത്തെകുറിച്ചുള്ള അവരുടെ സങ്കൽപ്പങ്ങളിലും കാതോലിക്ക വിശ്വാസിയായ ഒരു ഭർത്താവിനെ വേണമെന്ന് അവർ മനസ്സ് കൊണ്ട് കർത്താവിനോട് പ്രാർത്ഥിച്ചിരുന്നു. അമ്മിണി വളരെ ദൈവവിശ്വാസിയായ ഒരു സാധ്വിയാണു്. അവരുടെ വിശ്വാസങ്ങൾക്കൊപ്പം ഉയരാൻ എനിക്ക് പലപ്പോഴും സാധിച്ചിട്ടില്ലെങ്കിലും അവർ ഒരിക്കലും അതെക്കുറിച്ച് ചോദിച്ചിട്ടില്ല. "ഇല്ല" എന്ന വാക്ക് അവരുടെ നിഘണ്ടുവിൽ ഇല്ല. ഒരു പക്ഷെ എനിക്ക് ഒരു കുറവുമില്ലെന്ന് എനിക്ക് തോന്നുന്നതും അതിൽ ഞാൻ അഭിമാനം കൊള്ളുന്നതും സ്നേഹസ്വരൂപിണിയായ എൻെറ പ്രിയതമയുടെ സ്നേഹാദരങ്ങൾ എന്നിൽ നിർലോഭം ചൊരിയുന്നത്കൊണ്ടാകാം.

അമ്മിണിയുടെ ക്ഷമാശീലവും, കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവും എന്നെ എപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. കുർബ്ബാനകൾ കൈക്കൊള്ളാത്ത ഞായറാഴ്ച്കൾ അമ്മിണിക്കില്ല. ഇപ്പോൾ വാർദ്ധക്യദശയിലെത്തിയിട്ടും പള്ളിയിൽ പോകുന്ന കാര്യത്തിൽ ഒരു മാറ്റവുമില്ല. അമ്മിണിയുടെ ഭക്തിയും പ്രാർഥനകളും തുടരുമ്പോൾ ഞാൻ ചിലപ്പോൾ അലസനായി പള്ളിയിൽ കൂടെ പോകാതിരുന്നിട്ടുണ്ട്. എന്നാൽ അവൾക്ക് പരിഭവമില്ല. അങ്ങനെയുള്ള സന്ദർഭത്തിൽ ഒരു എഴുത്തുകാരൻെറ കുസ്രുതിയോടെ ഞാൻ പറയാറുണ്ട്., പണ്ടൊക്കെ നമ്മൾ ഒരു കുടക്കീഴിൽ പള്ളിയിൽ പോയിട്ടുണ്ടല്ലോ എന്ന്, അത്കൊണ്ട് ഇപ്പോൾ പോയില്ലെങ്കിലും കുഴപ്പമില്ലെന്ന്.

ദൈവത്തിലർപ്പിതമായ മനസ്സോടെ നന്മകൾ ചെയ്ത് ജീവിതം സഫലമാക്കുക എന്ന ഉൽക്രുഷ്ടമായ ആശയമാണു് അമ്മിണി ഇഷ്ടപ്പെടുന്നത്. ഞാൻ ഇംഗ്ലീഷിൽ എഴുതിയ ലേഖനസമാഹാരങ്ങൾ പുസ്തകമാക്കി പ്രസിദ്ധീകരിക്കാനുള്ള പ്രാരംഭ നടപടികളിലാണു ഇപ്പോൾ അമ്മിണി. ഈ ഓർമ്മക്കുറിപ്പുകൾ എന്ന ആശയവും അമ്മിണിയുടേത് തന്നെ. ഒരു പക്ഷെ എന്നെ ഒരു അമേരിക്കൻ പൗരനാക്കിയത് അമ്മിണി തന്നെയെന്നു ഞാൻ

വിശ്വസിക്കുന്നു. പഠിത്തത്തിൽ വളരെ മിടുക്കും മികവും കാട്ടിയ പ്രൊഫസ്സറുടെ പുത്രിയായ ഈ പെൺക്കുട്ടിക്ക് അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ പഠിക്കാൻ ഒരു ഫുൽബ്രൈറ്റ് സ്കോളർഷിപ്പ് ലഭിക്കുന്നു. പഠനത്തിനു, ഗവേഷണത്തിനു, സ്വന്തം കഴിവുകൾ പ്രകടമാക്കുന്നതിനു സെനറ്റർ ജെയിംസ് വില്ല്യം ഫുൾബ്രൈറ്റ ് 1946 ൽ ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പ് ലഭിച്ച ഇവർ വിവാഹശേഷം അമേരിക്കയിലേക്ക് പറന്നു. ഈ സ്കോളർഷിപ്പ് ലഭിച്ചവരിൽ അമ്പത്തിമൂന്നു പേർക്ക് നോബൽ സമ്മാനവും, എഴുപത്തിയെട്ട് പേർക്ക് പുലിസ്റ്റർ സമ്മാനവും ലഭിച്ചിട്ടുണ്ടെന്ന് വായനക്കാർക്കറിയാമല്ലോ. യുദ്ധത്തിൽ നമ്മൾക്ക് ഒരുമിച്ച് മരിക്കാൻ കഴിയില്ലെങ്കിൽ, സമാധാനത്തോടെ ഒരുമിച്ച് ജീവിക്കാൻ നമ്മൾ പഠിക്കണമെന്നാണു അമേരിക്കൻ പ്രസിഡണ്ട് ഹാരി ട്രുമാൻ പ്രസ്തുത പ്രോഗ്രാം അംഗീകരിച്ചപ്പോൾ പറഞ്ഞത്. ഈ അന്തർദ്ദേശീയ വിദ്യഭ്യാസ പ്രോഗ്രാമിലൂടെ ലോകരാഷ്ട്രങ്ങളിലെ വ്യക്തികളും പ്രസ്ഥാനങ്ങളും തമ്മിൽ സമാധാനവും, പരസ്പര ധാരണയും ഉറപ്പിക്കാൻ കഴിയുമെന്ന് ഇത് ഏർപ്പെടുത്തിയവർ വിശ്വസിച്ചിരുന്നു. വധു വിദ്യാർത്ഥിനിയായി പോയത്കൊണ്ട് അവരുടെ ഒപ്പം എനിക്ക് അപ്പോൾ പോകാൻ സാധിച്ചില്ല. പിന്നീട് ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ എം.ബി.എ വിദ്യാർത്ഥിയായ് എനിക്ക് അമേരിക്കയിലേക്ക് വരാൻ കഴിഞ്ഞു. ഞങ്ങളുടെ വിവാഹജീവിതം തുടങ്ങുന്നത് അമേരിക്കൻ മണ്ണിൽ നിന്നാണു്. ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്കുണ്ടായി എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾക്ക് ഒരു ആൺക്കുട്ടിയും, രണ്ടു പെൺക്കുട്ടികളും പിറന്നു. അവർ വിദ്യാഭ്യാസം നേടി. വിവാഹിതരായി. മൂന്നു പേരക്കുട്ടികളെ ഞങ്ങൾക്ക് കിട്ടി.

അമ്മിണിയെ സംബന്ധിച്ചേടത്തോളം അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ വിദ്യാഭ്യാസം അറിവിന്റെ പുതിയ പന്ഥാവുകൾ തുറക്കുന്നതായിരുന്നു. അവർ ഉന്നത ബിരുദങ്ങൾ നേടി. മുപ്പത്തിയഞ്ച് വർഷത്തോളം ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ പ്രൊഫസ്സറായി സേവനമനുഷ്ഠിച്ചു. അറിവ് പകരുക എന്ന ദിവ്യമായ സേവനം തുടരണമെന്നാശിച്ച അവർ അടുത്തൂൺ പറ്റിയതിനു ശേഷവും അവരുടെ അദ്ധ്യാപക വ്രുത്തിയിൽ വ്യാപ്രുതയായിരുന്നു. ജോലിയിൽ നിന്ന് വിരമിച്ച് എല്ലാവരും വിശ്രമജീവിതം ആഗ്രഹിക്കുമ്പോൾ അമ്മിണി നാലു കമ്യൂണിറ്റി കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസ്സായി സേവനമനുഷ്ഠിച്ചു. അതിൽ നിന്നും വിരമിച്ചതിനു ശേഷം രണ്ട് ദേവാലയങ്ങളിലും കേരള സെൻററിലും സൗജന്യമായി അവർ അദ്ധ്യാപന സേവനം തുടരുന്നു. സ്നേഹം എന്ന നിധിയും കൊണ്ട് വന്ന ശ്രീയേശുദേവന്റെ വചനങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുക എന്ന ഉദാത്തസങ്കൽപ്പത്തിന്റെ സാക്ഷാത്കാരമാണു് അമ്മിണിയുടെ ജീവിതം.

അറിവിലൂടെ വിജയങ്ങൾ നേടുക അത് വഴി ജീവിതം അർത്ഥസമ്പുഷ്ടമാക്കുക എന്നൊക്കെ അമ്മിണി വിദ്യാഭ്യാസ കാലത്ത് ചിന്തിച്ചിരിക്കണം. പഠനത്തിൽ നേടിയ അസൂയാർഹമായ വിജയത്തിലൂടെ അവർക്ക് ഉയരങ്ങൾ കീഴടക്കാൻ കഴിഞ്ഞു. അമേരിക്കയുടെ സൗഭാഗ്യങ്ങളിൽ പങ്ക് ചേരുമ്പോൾ ഞാൻ ദൈവത്തിനു

നന്ദിയർപ്പിക്കുമ്പോൾ ഒപ്പം അമ്മിണിയ്ക്കും സ്നേഹപൂർവ്വമായ നന്ദികൾ അർപ്പിക്കുന്നു. നിശ്ചയദാർഢ്യത്തോടെ പരിശ്രമിക്കുന്നവർക്ക് വിജയമുണ്ടെന്ന് അമ്മിണിയുടെ ജീവിതം ഉദാഹരണമായി ഞാൻ കാണുന്നു. വിദ്യാധനം സർവ്വ ധനാൽ പ്രധാനമെന്ന് കുട്ടികളെ പഠിപ്പിക്കുന്ന അമ്മിണി അവർക്ക് വിദ്യ പകരുന്നത് ദൈവീകമായ ഒരു നിയോഗമാണെന്ന് വിശ്വസിക്കുന്നു. എന്റെ ജീവിതം സ്നേഹസുരഭിലവും, അനുഗ്രഹപൂർണ്ണവുമാക്കിയ അമ്മിണി തുടർന്നുള്ള എന്റെ ഓർമ്മക്കുറിപ്പുകളിൽ സ്വാഭാവികമായും കടന്നു വരും. എന്റെ ന്യൂയോർക്ക് ജീവിതത്തെക്കുറിച്ചായിരിക്കുമിനിയും എന്റെ ഓർമ്മകൾ വട്ടമിടുന്നത്.

**(തയ്യാറാക്കിയത് സുധീർ പണിക്കവീട്ടിൽ)**

(തുടരും)

**(തയ്യാറാക്കിയത് സുധീർ പണിക്കവീട്ടിൽ) (തുടരും)**